**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1881** **15-03-2022 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തുകയും 1,69,00,000/-രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സ്റ്റേഡിയം ഉദ്ഘാടനം നിർവ്വഹിച്ചത് ഏത് വർഷമാണ്; ഉദ്ഘാടന ശേഷം ഇതുവരെ വിവിധ വികസന പ്രവൃത്തികൾക്കായി സ്പോർട്സ് കൗൺസിൽ ചെലവഴിച്ച തുകയും പ്രവൃത്തികളുടെ വിശദാംശവും നൽകാമോ; | (സി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ ഉദ്ഘാടനം നടന്നത് 2000ത്തിലാണ്. ഉദ്ഘാടനത്തിന് ശേഷം ഏകദേശം 2,08,44,854/-രൂപ വിവിധ വികസന പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായാണ് മുറികൾ നിർമ്മിച്ചത്. അതിനുശേഷം ചുറ്റമതിൽ കെട്ടുകയും മുറ്റം ഇന്റർലോക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഷോപ്പ് റൂം നിർമ്മാണം - 1,96,89,854/-<br>ഇലക്ട്രിക്കൽ ഫിറ്റിംഗ്സ് - 4,40,000/-<br>ഇന്റർലോക്കിംഗ്, ചുറ്റമതിൽ - 7,15,000/- |
| (ഡി) | സ്റ്റേഡിയത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ വകുപ്പ് കത്ത് നം. കാ.യു.വ.-എ2/285/2021 തീയതി 07.12.2021 പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | സ്റ്റേഡിയത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ വകുപ്പ് കത്ത് നം. കാ.യു.വ.-എ2/285/2021 തീയതി 07.12.2021 പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

KERALA STATE SPORTS COUNCIL
SPORTS KERALA SPORTS FOR LIFE

നമ്പർ. കെ.എസ്.എസ്.സി /D1/6355/2021

തീയതി: 19.01.2022

പ്രിൻസിപ്പൽ സെക്രട്ടറി,
കായിക വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം:- കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - കോഴിക്കോട് കൊയിലാണ്ടി സ്റ്റേഡിയം - സംബന്ധിച്ച്.

സൂചന:- 1. സർക്കാരിൽ നിന്നുള്ള 7.12.2021 ലെ എ2/285/2021/കാ.യു.വ നംപർ കത്ത്.
2. കോഴിക്കോട് സെക്രട്ടറിയുള്ള കൗൺസിലിൽ നിന്നുള്ള 01.01.2022 ലെ ഇതേ നംപർ കത്ത്.
3.കോഴിക്കോട് സെക്രട്ടറിയുടെ 03.01.2022 ലെ റിപ്പോർട്ട്.

മേൽ സൂചനകളിലേക്ക് സർക്കാരിൻറെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം സർക്കാരിൽ നിന്നും ലഭിച്ച കത്തിൻമേൽ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിൽ സമർപ്പിച്ചിരുന്നു. ആയതിന് സൂചന (3) പ്രകാരം ലഭ്യമായ റിപ്പോർട്ടിൽ താഴെ പരാമർശിക്കും പ്രകാരം പ്രതിപാദിച്ചിരുന്നു.

(A) 'സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് 2018 ൽ ശ്രീ.കെ.ദാസൻ എം.എൽ.എ, മുൻ കേരള സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ശ്രീ.ടി.പി.ദാസൻ, മുൻ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ശ്രീ.കെ.ജെ.മത്തായി എന്നിവർ ആലോചിച്ച് ഒരു പദ്ധതി രൂപീകരിച്ചിരുന്നു. ടി പദ്ധതിയിൽ സ്റ്റേഡിയത്തിൻറെ മുൻവശത്തിൻറെ എലിവേഷൻ മാറ്റി മനോഹരമാക്കുക, ചുറ്റമതിലിൽ ലൈറ്റുകൾ സ്ഥാപിക്കുക, ഗേയ്റ്റുകൾ മാറ്റി പുനസ്ഥാപിക്കുക, സ്റ്റേഡിയത്തിൻറെ ഉൾഭാഗത്തുള്ള ഗ്രൗണ്ട് ഫുട്ബോൾ, അത്ലറ്റിക് മത്സരങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ നവീകരിക്കുക, പുരുഷ വനിത കായിക താരങ്ങൾക്ക് പ്രത്യേകം ഡ്രസ്സിംഗ് റൂമുകൾ, ടോയിലറ്റുകൾ എന്നിവ ഉൾപ്പെടെ 1,59,00,000 രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ഊരാളുങ്കൽ കോപ്പറേറ്റീവ് സൊസൈറ്റി മുഖേന തയ്യാറാക്കുകയും ടി പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ തലങ്ങളിൽ ചർച്ച നടത്തുകയും ചെയ്തു. എന്നാൽ കോവിഡ് -19 സൃഷ്ടിച്ച പ്രതികൂല സാഹചര്യത്തിൽ, ജില്ലാ സ്പോർട്സ് കൗൺസിലിൻറെ വരുമാനം പൂർണ്ണമായി നിലച്ചത് പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്തു. ടി പദ്ധതിയുടെ തുടർ നടത്തിപ്പിന് സ്ഥലം എം.എൽ.എ യുമായി ആലോചിച്ച് തീരുമാനമെ ടുക്കുവാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയത് തീരുമാന മാകുന്ന മുറയ്ക്ക് കൗൺസിലിൽ അറിയിക്കുന്നതാണ് എന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നു.

മേൽ റിപ്പോർട്ട് സർക്കാരിൻറെ അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

സെക്രട്ടറി

ഉള്ളടക്കം
(3) സൂചന കത്ത്.

മേഴ്സി കുട്ടൻ
പ്രസിഡന്റ്
ഫോൺ : 0471 - 2331546, 2325883
ഇ - മെയിൽ : president.kssc@gmail.com
mercykuttan@gmail.com

ഒ.കെ. വിനീഷ്
വൈസ് പ്രസിഡന്റ്
ഫോൺ : 0471 - 2331546
ഇ - മെയിൽ : okvkannur@gmail.com

അജിത് ദാസ്.എ
സെക്രട്ടറി
ഫോൺ : 0471-2331546
ഇ - മെയിൽ : ajithdasanand@gmail.com